ഭരണഭാഷ മാതൃഭാഷ
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ടെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി എം ജി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-695033,
ഇ മെയിൽ: cru.dttvpm@kerala.gov.in, ഫോൺ നമ്പർ: 0471-2303856

DT/1998/2026-C1 **തീയതി :14-10-2026**

ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ടെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - **SCVET** അഡ്മിഷൻ **2026** - മതിയായ അപേക്ഷകൾ ലഭിക്കാത്ത ഐ.ടി.ഐകളിൽ മാത്രം സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനുള്ള തീയതി ദീർഘിപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:-

1. പ്രോസ്പെക്ടസ് **No.SCVET/01/2026** തീയതി **08/06/2026.**
2. പ്രോസ്പെക്ടസ് **No.SCVET/02/2026** തീയതി **21/08/2026.**
3. **04.10.2026** തീയതിയിലെ ഇതേ നമ്പരായ ഡെപ്യൂട്ടി ഡയറക്ടറുടെ ചുറ്ററിയിപ്പ്.

****

മേൽ സൂചനകൾ കാണുക. **2026-27/28** വർഷത്തേയ്ക്കുള്ള ഐ ടി ഐ പ്രവേശനത്തിന്, മതിയായ അപേക്ഷകൾ ലഭിക്കാത്ത ഐടിഐകളിൽ മാത്രം, നിലവിലെ പ്രോസ്പെക്ടസിലെ വ്യവസ്ഥകൾക്ക് വിധേയമായി **09.10.2026** വരെ സ്പോട്ട് അഡ്മിഷൻ നടത്തുന്നതിന് സുചന **(3)** പ്രകാരം നിർദേശം നൽകിയിരുന്നു. എന്നാൽ വകുപ്പിന് കീഴിൽ **SCVET** ദേഡുകളിൽ പരിശീലനം നൽകി വരുന്ന ബഹുഭൂരിപക്ഷം ഐ ടി ഐ കളിലും അഡ്മിഷൻ നിരക്ക് **100%** പൂർത്തിയായിട്ടില്ല എന്നതിനാലും, **NCVET** അഫിലിയേറ്റഡ് ട്രേഡുകളുടെ അഡ്മിഷൻ ക്ലോസിംഗ് തീയതി, **15.10.2026** തീയതി വരെ **DGT** ദീർഘിപ്പിച്ചിരിക്കുന്നത് പരിഗണിച്ച് കൊണ്ടും **2026** വർഷത്തെ **SCVET** അഡ്മിഷൻ ക്ലോസിംഗ് തീയതി **15.10.2026** തീയതി വരെ ദീർഘിപ്പിക്കുന്നു.

SCVET ട്രേഡുകൾ നിലവിലുള്ള എല്ലാ ട്രേഡുകളിലേക്കും പ്രസ്തുത തീയതിവരെ സ്പോട്ട് അഡ്മിഷൻ തുടരാവുന്നതാണ്. ഇത്തരത്തിൽ ദീർഘിപ്പിച്ച കാലയളവിൽ പ്രവേശനം നേടുന്ന എല്ലാ ടെയിനികൾക്കും സിലബസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി അവധി ദിവസങ്ങളിലടക്കം അധിക ക്ലാസുകൾ നടത്തുന്നതിനു കൂടി സ്ഥാപനമേധാവികൾ ശ്രദ്ധിക്കേണ്ടതാണ്. അഡ്മിഷൻ ക്ലോസിംഗ് തീയതിയായ **15.10.2026**-ന് ശേഷം ജനറേറ്റ് ചെയ്യുന്ന ചെലാനുകൾ യാതൊരു കാരണവശാലും അഡ്മിഷന് പരിഗണിക്കുകയില്ലെന്ന വിവരം കൂടി അറിയിക്കുന്നു

SCVET ടേഡുകളിലെ അഡ്മിഷൻ സംബന്ധിച്ച അറിയിപ്പ് പത്രങ്ങൾ, ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവ മുഖേന വ്യാപകമായി പ്രചരിപ്പിക്കേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരുമായി ബന്ധപ്പെട്ട് ക്രിയാത്മക ബോധവത്കരണം നടത്തേണ്ടതുമാണ്.

ജില്ലകളുടെ ചുമതലയുള്ള ഇൻസ്പെക്ടർ ഓഫ് ടെയിനിംഗ് ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട ഐ ടി ഐ പ്രിൻസിപ്പൽമാരുമായി നിരന്തരം ആശയവിനിമയം നടത്തേണ്ടതും, അഡ്മിഷൻ പുരോഗതി എല്ലാ ദിവസവും വിലയിരുത്തി, ഇത് സംബന്ധിച്ച തുടർ നിർദേശങ്ങൾ നൽകേണ്ടതും, 100% അഡ്മിഷൻ കൈവരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഡെപ്യൂട്ടി ടെയിനിംഗ് ഡയറക്ടർ (പ്ലാനിംഗ്)

സ്വീകർത്താവ്:- SCVET ടേഡുകളിൽ അഡ്മിഷൻ നടത്തുന്ന സ്ഥാപന മേധാവിമാർ

Digitally signed by Vikas S
Date: 14-10-2026 11:24:47

പകർപ്പ്:-

1. ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ
2. എല്ലാ ഇൻസ്പെക്ടർ ഓഫ് ടെയിനിംഗ് ഉദ്യോഗസ്ഥർക്കും
3. മാനേജർ, ഇ-ഗവേർണൻസ് (വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. സ്റ്റോക്ക് ഫയൽ (C1)